കച്ചവടക്കാർ, തലച്ചുമടായി കച്ചവടം ചെയ്യുന്നവർ, മത്സ്യത്തൊഴിലാളികൾ, സാമ്പത്തിക ശേഷിയില്ലാത്ത വിധവകൾ, വികലാംഗർ തുടങ്ങി അടിസ്ഥാനവർഗ്ഗ വിഭാഗക്കാരെ കൊള്ളപ്പലിശക്കാരുടെ ചൂഷണങ്ങളിൽനിന്നും സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമായി 10,000 രൂപ വരെയുള്ള ചെറുകിട വായ്പകൾ നൽകുന്നതിനും ചെറുകിട കച്ചവടാവശ്യത്തിനും തലച്ചുമടായി കച്ചവടം ചെയ്യുന്നവർക്കും 5000 രൂപ വരെ സ്വന്തം ജാമ്യത്തിന്മേൽ വായ്പ നൽകുന്നതിനുള്ള വായ്പാ പദ്ധതി സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 5000 രൂപ വരെയുള്ള വായ്പകൾക്ക് പരമാവധി 2 ദിവസത്തിനകം സംഘം ചീഫ് എക്സിക്യൂട്ടീവും 5000 രൂപ മുതൽ 10,000 രൂപ വരെയുള്ള വായ്പകൾ പരമാവധി 5 ദിവസത്തിനകം ചീഫ് എക്സിക്യൂട്ടീവിന്റെ ശിപാർശയിൽ സംഘം പ്രസിഡന്റിനും അനുവദിക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ പ്രാഥമിക വായ്പാ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിവ മുഖേനയാണ് പ്രസ്തുത വായ്പാ പദ്ധതി നടപ്പിലാക്കുന്നത്.

(സി) സഹകരണ സംഘം രജിസ്ട്രാർ 25/14 നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകി അംഗീകാരം നൽകിയിട്ടുണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ അംഗങ്ങൾക്കും ഇടപാടുകാരായ മറ്റ് പൊതുജനങ്ങൾക്കും സഹകാരികൾക്കും വളരെ വേഗത്തിൽ സംഘങ്ങളുടെ/ബാങ്കുകളുടെ സേവനം ലഭ്യമാക്കുന്നതിനും വായ്പ ലഭ്യമാക്കുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ സംഘങ്ങളുടെ/ബാങ്കുകളുടെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയും പ്രവർത്തിപ്പിക്കുന്നതിനും ഇടതടെ ഞായറാഴ്ചകളിൽ രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ " സൺഡേ ബാങ്കിംഗ് " നടത്തുന്നതിനും അനുമതി നൽകി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**സഹകരണ നിക്ഷേപക ഗ്യാരന്റി സ്കീം**

82 (3237) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിക്ഷേപക ഗ്യാരന്റി സ്കീമിൽ ചേരാൻ ഏതെല്ലാം തരം സഹകരണ ബാങ്കുകൾക്കാണ് അർഹതയുള്ളതെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് അർഹതയുള്ള എല്ലാ ബാങ്കുകളും പ്രസ്തുത സ്കീമിൽ അംഗങ്ങളായിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സ്കീമിൽ അംഗത്വമെടുക്കാൻ ഇനി ഏതു ബാങ്കുകൾ ബാക്കിയുണ്ട്; വിശദമാക്കുമോ ;

(ഡി) പ്രസ്തുത ബാങ്കുകളെ പ്രസ്തുത സ്കീമിൽ അംഗങ്ങളാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) പ്രവർത്തനം മന്ദീഭവിച്ചതോ, നിന്നുപോയതോ ലിക്വിഡേഷൻ നടപടികളിൽ ഉൾപ്പെട്ടതോ അല്ലാത്തതും, ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി സ്കീമിൽ ഉൾപ്പെടാത്തതും, സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്നതും നിക്ഷേപം സ്വീകരിക്കുന്നതുമായ എല്ലാത്തരം സംഘങ്ങളെയും സഹകരണ നിക്ഷേപക ഗ്യാരന്റി സ്കീമിൽ അംഗങ്ങളായി ചേർക്കാവുന്നതാണ്.

(ബി) ജില്ലകളിലെ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിൽ ഉൾപ്പെടുന്ന സംഘങ്ങളെയാണ് സ്കീമിൽ അംഗങ്ങളായി ചേർത്തുവരുന്നത്. ഇപ്രകാരം നാളിതുവരെ പല ഘട്ടങ്ങളിലായി ആകെ 2250 സംഘങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ 1773 സംഘങ്ങൾ നാളിതുവരെ പ്രസ്തുത സ്കീമിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

(സി) സഹകരണ സംഘം രജിസ്ട്രാർ വിജ്ഞാപനം പുറപ്പെടുവിച്ചതിൽ 484 സഹകരണ ബാങ്കുകൾ/സംഘങ്ങൾ സ്കീമിൽ അംഗത്വമെടുക്കുന്നതിനായി ബാക്കിയുണ്ട്.

(ഡി) നിക്ഷേപക ഗ്യാരന്റി സ്കീം ബാധകമായ എല്ലാ സഹകരണ സംഘങ്ങളും പ്രസ്തുത സ്കീമിൽ ചേരണമെന്നും സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കാനുള്ള അവകാശം നഷ്ടമാകുമെന്നും സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കുന്നതിൽനിന്നും വിലക്ക് കൽപ്പിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാറെ അധികാരപ്പെടുത്തിയും വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ആകയാൽ സഹകരണ സംഘം രജിസ്ട്രാർ കേരള

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിലേയ്ക്ക് നോട്ടിഫൈ ചെയ്ത എല്ലാ വായ്പാ സഹകരണ സംഘങ്ങളും നിക്ഷേപ സുരക്ഷാ പദ്ധതിയിൽ ചേർന്ന് നിശ്ചിത വിഹിതം അടയ്ക്കേണ്ടതാണെന്ന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സ്കീമിൽ ചേരാത്ത സംഘങ്ങൾക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

**സഹകരണ ബാങ്കുകൾ വഴി ലഭ്യമാകുന്ന കാർഷിക വായ്പ**

84 (3238) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സഹകരണ ബാങ്കുകൾ വഴി ലഭ്യമാകുന്ന കാർഷിക വായ്പകൾ ഏതെല്ലാം; ഇതിന്റെ മാനദണ്ഡങ്ങൾ എന്ത്; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് 2012-13, 2013-14, 2014-15 വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽ ഇപ്രകാരം അനുവദിച്ച കാർഷിക വായ്പ വർഷം തിരിച്ചും സ്ഥാപനം തിരിച്ചും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ / ബാങ്കുകൾ, ഹാർവേസ്റ്റ് സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ വഴി ഹ്രസ്വകാല/മധ്യകാല കാർഷിക വായ്പകൾ വിതരണം ചെയ്തുവരുന്നു. സംസ്ഥാനത്തെ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ വഴി ദീർഘകാല കാർഷിക വായ്പകളും വിതരണം ചെയ്തുവരുന്നു. ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ചിരിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായാണ് സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേന നെൽകൃഷിക്കും പച്ചക്കറിക്കും ഉൾപ്പെടെയുള്ള കാർഷിക വിള വായ്പകൾ വിതരണം ചെയ്തുവരുന്നത്. ഓരോ വർഷവും ജില്ലയിലെ കാർഷിക വായ്പാ വിതരണത്തിനുള്ള സ്കെയിൽ ഓഫ് ഫിനാൻസ് കാലാനുസൃതമായി പരിഷ്കരിക്കാറുണ്ട്. നബാർഡ് റീഫൈനാൻസ് ലഭ്യമാക്കുന്ന ഒരുവർഷ കാലാവധിയുള്ള ഹ്രസ്വകാല കാർഷിക വിള വായ്പകളുടെ പരിധി സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി 10 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്. കൂടാതെ നെൽകൃഷിക്ക് പരിധിയില്ലാതെ പലിശരഹിത വായ്പയും നൽകി വരുന്നു. അപേക്ഷകന് കാർഷികാവശ്യത്തിനാണ് വായ്പയെന്നും, ടിയാന് കൃഷി ചെയ്യുന്നതിനുള്ള ഭൂമി കൈവശത്തിലുണ്ടെന്നും ബോധ്യപ്പെട്ട് കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന വിളയ്ക്ക് അനുവദനീയമായ തുകയാണ് നൽകിവരുന്നത്.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്



LIBRARY ARCHIVES Kerala Legislative Assembly